**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2738 19.06.2014-ൽ മറുപടിയ്ക്ക്

## ഗ്രന്ഥശാലകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് :<br>ശ്രീ.സി.പി.മുഹമ്മദ്:<br>ശ്രീ.വി.റ്റി.ബൽറാം:<br>ശ്രീ.പി.എ.മാധവൻ: | **ശ്രീ.പി .കെ .അബ്ദു റബ്ബ്**<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഗ്രന്ഥശാലകളുടെ നവീകരണത്തിന് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഗ്രന്ഥശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; | (ബി) സംസ്ഥാനത്തെ ഗ്രന്ഥശാലകളുടെ ശ്രൃംഖലിതമായ സംഘടിത സ്വഭാവം നിലനിർത്തുന്നതിലൂടെയാണ് പ്രധാനമായും ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിയുന്നത് . എല്ലാവർഷവും മുഴുവൻ ഗ്രന്ഥശാലകളുടെ പ്രവർത്തനം വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ച് വാർഷിക ഗ്രാന്റ് നൽകുന്നു. കരിയർ ഗൈഡൻസ് സെന്ററുകൾ, അക്കാദമിക് സ്റ്റഡിസെന്ററുകൾ, മാതൃകാ ഗ്രാമീണ ഗ്രന്ഥശാലകൾ,താലൂക്ക് റഫറൻസ് ലൈബ്രറികൾ, ബാലവേദി, വനിതാ വേദി തുടങ്ങിയ നിരവധി പദ്ധതി പദ്ധതിയേതര വികസന പ്രവർത്തനങ്ങളാണ് ഗ്രന്ഥശാലകളിൽ നടപ്പിലാക്കുന്നത്. വികസന പദ്ധതികൾ സംയോജിപ്പിക്കുന്നത്, ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഗ്രന്ഥശാലകളെ കോർത്തിണക്കി രൂപീകരിച്ചിട്ടുള്ള നേതൃസമിതികൾവഴിയാണ് വ്യത്യസ്തമായ വികസന പദ്ധതികളുടെ ഉപയോഗം അവിടത്തെ ഗ്രന്ഥശാലകൾക്കും ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ട്. ജില്ലാവികസന പദ്ധതികൾ ഗ്രന്ഥശാലകളുടെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നതിനും സഹായകരമാണ്. |

| | |
|---|---|
| (സി) ഗ്രന്ഥശാലകളുടെ ഭരണ സംവിധാനം ഉടച്ചുവാർക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) വ്യക്തമായ ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ജനകീയ ഭരണ സംവിധാനമാണ് ഗ്രന്ഥശാലകളിൽ നിലവിലുള്ളത്. സുതാര്യമായ ഈ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതില്ല. |

സെക്ഷൻ ഓഫീസർ